Published on 17/10/16.



ബിൽ നമ്പർ 28

# 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 28

# 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ

1021/2016.

# 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.—2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റ് (2008-ലെ 28) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കുവേണ്ടി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയേഴാം സംവത്സരത്തിൽ ഇനിപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻതന്നെ പ്രാബല്യത്തിൽ വരുന്നതാണ്.

2. 3എ വകുപ്പ് വിട്ടുകളയൽ.—2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിന്റെ (2008-ലെ 28) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3എ വകുപ്പ് വിട്ടുകളയേണ്ടതാണ്.

3. ഒഴിവാക്കൽ.—പ്രധാന ആക്റ്റ് അപ്രകാരം ഭേദഗതി ചെയ്യപ്പെട്ടിരുന്നാൽ തന്നേയും, ഈ ആക്റ്റ് പ്രകാരമുള്ള പ്രധാന ആക്റ്റിന്റെ ഭേദഗതി, പ്രസ്തുത ആക്റ്റിൻ കീഴിൽ മുൻപ് ചെയ്ത ഏതെങ്കിലും പ്രവർത്തനങ്ങളേയോ അതിനുകീഴിൽ നടത്തിയിട്ടുള്ള ഏതെങ്കിലും കാര്യത്തിനെയോ, ആർജ്ജിച്ചതോ, വന്നുചേർന്നതോ ഉണ്ടായിട്ടുള്ളതോ ആയ ഏതെങ്കിലും അവകാശത്തെയോ, പ്രത്യേകാവകാശത്തെയോ, ചുമതലയെയോ, ബാധ്യതയെയോ പ്രധാന ആക്റ്റിൻകീഴിൽ ചെയ്ത ഏതെങ്കിലും കുറ്റം സംബന്ധിച്ചുള്ള ഏതെങ്കിലും പിഴശിക്ഷയെയോ, കണ്ടുകെട്ടലിനെയോ, ശിക്ഷയെയോ മുൻപറഞ്ഞ ഏതെങ്കിലും അവകാശത്തെയോ, പ്രത്യേക അവകാശത്തെയോ, ചുമതലയെയോ, ബാധ്യതയെയോ, പിഴശിക്ഷയെയോ, കണ്ടുകെട്ടലിനെയോ, ശിക്ഷയെയോ, സംബന്ധിച്ചുള്ള ഏതെങ്കിലും അന്വേഷണത്തെയോ നിയമനടപടികളെയോ, പരിഹാരമാർഗ്ഗത്തെയോ ബാധിക്കുന്നതല്ലാത്തതും അപ്രകാരമുള്ള ഏതൊരു അന്വേഷണവും, നിയമ നടപടികളും, അല്ലെങ്കിൽ പരിഹാരവും ഈ ആക്റ്റ് പുറപ്പെടുവിച്ചിട്ടില്ലായിരുന്നു എന്ന രീതിയിൽ ആരംഭിക്കുകയോ തുടരുകയോ നടപ്പിലാക്കുകയോ ചെയ്യാവുന്നതും അപ്രകാരമുള്ള ഏതൊരു പിഴശിക്ഷയോ, കണ്ടുകെട്ടലോ, ശിക്ഷയോ ചുമത്താവുന്നതും ആകുന്നു.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്റ്റ് പ്രകാരം 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിൽ ഭേദഗതി വരുത്തിയിരുന്നു. 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിന്റെ പ്രാരംഭത്തിന് മുമ്പ് ഏതെങ്കിലും നെൽവയലിന്റെ ഉടമസ്ഥനോ, അധിവാസിയോ, കൈവശക്കാരനോ അന്ന് നിലവിലുണ്ടായിരുന്ന മറ്റ് ഏതെങ്കിലും ആക്റ്റിലെ വ്യവസ്ഥകൾക്ക് അനുസൃതമായല്ലാതെ, പ്രസ്തുത നെൽവയൽ പരിവർത്തനപ്പെടുത്തുകയോ, രൂപാന്തരപ്പെടുത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ കളക്ടർക്ക്, പ്രസ്തുത ഭൂമിയുടെ, 1959-ലെ കേരള മുദ്രപ്പത്ര ആക്റ്റിന്റെ (1959-ലെ 17) 28എ വകുപ്പുപ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള ന്യായവിലയുടെയോ പ്രസ്തുത ഭൂമിയുടെ ന്യായവില പ്രസിദ്ധപ്പെടുത്തിയിട്ടില്ലെങ്കിൽ സമീപ പ്രദേശങ്ങളിലെ സമാന സ്വഭാവമുള്ള ഭൂമിയുടെ, ന്യായവിലയുടെയോ, 25 ശതമാനത്തിന് തുല്യമായ തുക ഫീസായി ഈടാക്കിക്കൊണ്ട് അങ്ങനെയുള്ള രൂപാന്തരപ്പെടുത്തലോ, പരിവർത്തനപ്പെടുത്തലോ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ക്രമവൽക്കരിക്കുന്ന വിധത്തിൽ 3എ എന്ന വകുപ്പ് പ്രസ്തുത ആക്റ്റിൽ കൂട്ടിച്ചേർത്തുകൊണ്ട് ഭേദഗതി വരുത്തിയിരുന്നു. എന്നാൽ പ്രസ്തുത ഭേദഗതി പിൻവലിക്കുവാൻ 2016 ജൂലൈ 8-ാം തീയതിയിലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. അതിനനുസൃതമായി 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിലെ 3എ വകുപ്പ് റദ്ദുകളഞ്ഞുകൊണ്ട് പ്രസ്തുത ആക്റ്റ് ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് വേണ്ടിയുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

ഇ. ചന്ദ്രശേഖരൻ

## 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിൽ (2008-ലെ 28) നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** ** **

3എ. ആക്റ്റിന്റെ പ്രാരംഭത്തിനു മുൻപുള്ള നെൽവയലിന്റെ പരിവർത്തനപ്പെടുത്തലോ രൂപാന്തരപ്പെടുത്തലോ ക്രമവൽക്കരിക്കുന്നതിനുള്ള അധികാരം.—ഈ ആക്റ്റിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും ആക്റ്റിലോ ചട്ടങ്ങളിലോ ഉത്തരവുകളിലോ ഏതെങ്കിലും കോടതിയുടെയോ, ട്രൈബ്യൂണലിന്റെയോ, മറ്റ് അധികാരസ്ഥാനത്തിന്റെയോ, ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിന്റെ പ്രാരംഭത്തിനുമുൻപ് ഏതെങ്കിലും നെൽവയലിന്റെ ഉടമസ്ഥനോ അധിവാസിയോ കൈവശക്കാരനോ അന്ന് നിലവിലുണ്ടായിരുന്ന മറ്റ് ഏതെങ്കിലും ആക്റ്റിലെ വ്യവസ്ഥകൾക്ക് അനുസൃതമായല്ലാതെ പ്രസ്തുത നെൽവയൽ പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്തിട്ടുള്ളിടത്ത്, കളക്ടർക്ക് പ്രസ്തുത ഭൂമിയുടെ, 1959-ലെ കേരള മുദ്രപ്പത്ര ആക്റ്റിന്റെ (1959-ലെ 17) 28എ വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള ന്യായവിലയുടെയോ പ്രസ്തുത ഭൂമിയുടെ ന്യായവില പ്രസിദ്ധപ്പെടുത്തിയിട്ടില്ലെങ്കിൽ സമീപ പ്രദേശങ്ങളിലെ സമാന സ്വഭാവമുള്ള ഭൂമിയുടെ ന്യായവിലയുടെയോ 25 ശതമാനത്തിന് തുല്യമായ തുക ഫീസായി ഈടാക്കിക്കൊണ്ട് അങ്ങനെയുള്ള രൂപാന്തരപ്പെടുത്തലോ പരിവർത്തനപ്പെടുത്തലോ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ക്രമവൽക്കരിക്കാവുന്നതാണ്.

** ** ** **